RCS/2018/5680/HV(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി – 16/04/2024

## സർക്കുലർ നമ്പർ 12/2024

**വിഷയം - സഹകരണ വകുപ്പ്- പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ വായ്പാ തിരിച്ചടവ് - പ്രാഥമിക ഹൌസിംഗ് സഹകരണ സംഘങ്ങൾ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ വായ്പാ തുക യഥാസമയം അടയ്ക്കാത്തത് - വായ്പാ ഈടാധാരങ്ങൾ അംഗങ്ങൾക്ക് യഥാസമയം തിരികെ നല്കാത്തത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.**

**സൂചന - ബഹു. സഹകരണ സെക്രട്ടറിയുടെ ചേംബറിൽ 13/6/2023 ന് ചേർന്ന യോഗ തീരുമാനം.**

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ നൽകുന്ന വായ്പാ തുക വിനിയോഗിച്ചാണ് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് വായ്പ നൽകുന്നത്. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾ വായ്പയ്ക്ക് ഈടായി നൽകുന്ന ആധാരങ്ങൾ ഹൗസിംഗ് ഫെഡറേഷനിൽ ഈട് നൽകിയാണ് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ ഫെഡറേഷനിൽ നിന്നും വായ്പ സ്വീകരിക്കുന്നത്. ഇത്തരത്തിൽ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്ന വായ്പാ തുക അംഗങ്ങൾ തിരികെ അടയ്ക്കുമ്പോൾ ടി തുക പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ അതാത് അംഗങ്ങളുടെ പേരിൽ ഹൗസിംഗ് ഫെഡറേഷനില്ലുള്ള വായ്പാ കണക്കിൽ ഒടുക്കേണ്ടതാണ്. എന്നാൽ പല പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളും അംഗങ്ങൾ തിരികെ ഒടുക്കുന്ന വായ്പാ തുക അതാത് അംഗങ്ങളുടെ ഹൗസിംഗ് ഫെഡറേഷനില്ലുള്ള വായ്പാ കണക്കിൽ തിരികെ ഒടുക്കാത്തതിനാൽ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾ വായ്പാ കണക്ക് അവസാനിപ്പിച്ചാലും ടി വായ്പക്കാരുടെ ഈടാധാരങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾ തിരികെ നൽകുന്നില്ല എന്നുള്ള നിരവധി പരാതികൾ ശ്രദ്ധയിൽ പെട്ടതിന്റെയും സൂചന യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഹൗസിംഗ് ഫെഡറേഷന്റെ വായ്പ ഉപയോഗിച്ച് അംഗങ്ങൾക്ക് വായ്പ നൽകുന്ന പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ അംഗങ്ങൾ വായ്പാ തുക തിരികെ ഒടുക്കുമ്പോൾ ടി തുക യഥാസമയം ഹൗസിംഗ് ഫെഡറേഷനിൽ ഒടുക്കി അംഗങ്ങളുടെ വായ്പാ കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.
2. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലെ അംഗങ്ങൾ വായ്പാ കണക്ക് സംഘത്തിൽ അവസാനിപ്പിക്കുന്ന മുറയ്ക്ക് ഫെഡറേഷനിലെ വായ്പാ കണക്കുകൾ അവസാനിപ്പിച്ച് വായ്പാക്കാരുടെ ഈടാധാരങ്ങൾ തിരികെ നൽകേണ്ടതാണ്.
3. മേൽ നിർദ്ദേശങ്ങളിൽ വിഴ്ച വരുത്തുന്ന സംഘം ചീഫ് എക്സിക്യൂട്ടീവ്/ഭരണസമിതി അംഗങ്ങൾ എന്നിവർക്കെതിരെ സർച്ചാർജ്ജ് അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

4. യൂണിറ്റ് ഇൻസ്പെക്ടർമാർ/ആഡിറ്റർമാർ സ്റ്റാറ്റ്യൂട്ടറി പരിശോധനകളിലും, സഹകരണ സംഘങ്ങളുടെ ആഡിറ്റ് വേളയിലും മേൽ വിഷയം പരിശോധിക്കേണ്ടതും വീഴ്ച വരുത്തുന്ന സംഘങ്ങൾക്ക് എതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
5. മേൽ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

**ഒപ്പ്**
**റ്റി.വി. സുഭാഷ്. ഐ.എ.എസ്.**
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ് –**
1. സെക്രട്ടറി, സഹകരണ വകുപ്പ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
3. സഹകരണ ആഡിറ്റ് ഡയറക്ടർ.
4. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും.
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ) മാർക്കും.
7. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ.
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും ( ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. എല്ലാ അസിസ്റ്റന്റ് ഡയറ്കടർ (ആഡിറ്റ് ) മാർക്കും ( ജില്ലാ ജോയിന്റ് ഡയറ്കടർ (ആഡിറ്റ് ) മുഖേന)
10. സഹകരണ വീഥി.
11. വെബ് സൈറ്റ്.
12. പ്രസിദ്ധീകരണത്തിന് (പബ്ലിക് റിലേഷൻസ് ആഫീസർക്ക് )
13. സ്പെയർ/സ്റ്റോക്ക് ഫയൽ

**//ആജ്ഞാനുസരണം//**

**അസിസ്റ്റൻറ് രജിസ്ട്രാർ (സി.എസ് & എച്ച്.വി)**